10. ലക്ഷി ഹോസ്പിറ്റൽ, ദിവാൻസ് റോഡ്, എറണാകുളം, കൊച്ചി - 16.
11. എലൈറ്റ് മിഷൻ ഹോസ്പിറ്റൽ, ക്ലർക്കഞ്ചേരി.
12. ലക്ഷി ഹോസ്പിറ്റൽ, പാലക്കാട്.
13. ബി.എം.എച്ച്. കാളികാവ്.
14. ബി.എം.എച്ച്. താനൂർ.
15. എം.ബി. ഹോസ്പിറ്റൽ, മലപ്പുറം.
16. എ & ഇ ഹോസ്പിറ്റൽ (പ്രൈവറ്റ്) ലിമിറ്റഡ്, കൊണ്ടോട്ടി, മലപ്പുറം.
17. മലബാർ ഹോസ്പിറ്റൽ, മഞ്ചേരി.
18. നാഷണൽ ഹോസ്പിറ്റൽ, കോഴിക്കോട്.
19. ബേബി മെമ്മോറിയൽ ഹോസ്പിറ്റൽ, കോഴിക്കോട്.
20. മെട്രോ ഇന്റർനാഷണൽ കാർഡിയാക് സെന്റർ, കോഴിക്കോട്.
21. മലബാർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്, കോഴിക്കോട്.

## തൊഴിലില്ലായ്മ പരിഹരിക്കാൻ നടപടി

217 (3653) ശ്രീ. എളമരം കരീം :

ശ്രീ. പി. കെ. ഗുരുദാസൻ :

ശ്രീ. ജെയിംസ് മാത്യു :

ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിലെത്തിയശേഷം തൊഴിലില്ലായ്മ പരിഹരി ക്കാനായി സ്വീകരിച്ച നടപടി എന്തൊക്കെയെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിന്റെ ഫലമായി എത്ര പേർക്ക് പുതിയതായി തൊഴിൽ ലഭിച്ചുവെന്ന് കണക്കാക്കിയിട്ടുണ്ടോ ;

(സി) കശുവണ്ടി, കയർ, കൈത്തറി ഉൾപ്പെടെയുള്ള പരമ്പരാഗത മേഖലയിലെ തൊഴിൽ നഷ്ടം നേരിടാനായി എന്തെങ്കിലും പദ്ധതി ഉണ്ടായിരുന്നോ ; അവയുടെ വിശദാംശം നൽകുമോ ;

(ഡി) ഒരു ലക്ഷം പേർക്ക് തൊഴിലവസരം സൃഷ്ടിക്കാനായി 500 കോടിയുടെ തൊഴിൽദാന പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ഇ) പദ്ധതിയുടെ ഫലമായി എത്ര പുതിയ തൊഴിൽ അവസരങ്ങൾ സൃഷ്ടിച്ചെന്നും അതിനായി ചെലവഴിച്ച തുക എത്രയെന്നും കണക്കാക്കിയിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖാന്തരം നടപ്പാക്കിവരുന്ന കെസ്റ്റ്, മൾട്ടിപർപ്പസ് സർവ്വീസ് സെന്റേഴ്സ്/ജോബ് ക്ലബ് എന്നീ സ്വയം തൊഴിൽ പദ്ധതികൾപ്രകാരം സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സബ്സിഡി യിനത്തിലും, ശരണ്യ പദ്ധതിക്ക് വായ്പ സബ്സിഡി ഇനത്തിലും കൂടുതൽ തുക ബഡ്ജറ്റിൽ വകയിരുത്തുകയും ടി തുക എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ രഹിതരായ അപേക്ഷകർക്ക് സ്വയം തൊഴിൽ ആരംഭിക്കുന്നതിന് അനുവദിക്കുകയും സ്വയം തൊഴിൽ സംരഭങ്ങൾ ആരംഭിച്ച് അതിലൂടെ തൊഴിലില്ലായ്മ ഒരു പരിധിവരെ കുറയ്ക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൊഴിലില്ലായ്മ പരിഹരിക്കുന്നതിന്റെ ഭാഗമായി എംപ്ലോയ്മെന്റ് വകുപ്പ് മുഖേന 'എംപ്ലോയബിലിറ്റി സെന്റർ' എന്ന പുതിയ പദ്ധതിയും അഭ്യസ്തവിദ്യരായ ഉദ്യോഗാർത്ഥികൾക്ക് സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിനായി ജോബ് ഫെയറുകളും ആരംഭിച്ചിട്ടുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കുന്ന ഒഴിവുകൾക്കുപുറമെ സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ ഉദ്യോഗാർത്ഥികൾക്ക് ലഭ്യമാക്കുന്നതിന് ഈ സർക്കാർ അധികാരമേറ്റശേഷം എംപ്ലോയ്മെന്റ് വകുപ്പ് മുഖേന ജില്ലാ തലത്തിൽ 4 ജോബ് ഫെയറുകളും സംസ്ഥാനാടിസ്ഥാനത്തിൽ 'നിയുക്തി 2015' എന്ന പേരിൽ 5 മെഗാ ജോബ് ഫെയറുകളും സംഘടിപ്പിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) കശുവണ്ടി, കയർ, കൈത്തറി ഉൾപ്പെടെയുള്ള പരമ്പരാഗത മേഖലയിൽ തൊഴിൽ നഷ്ടം നേരിടാനായി ഈ മേഖലകളിൽ തൊഴിൽ ചെയ്യുന്ന തൊഴിലാളി കൾക്ക് സാമ്പത്തിക താങ്ങൽ പദ്ധതി പ്രകാരം (ഇൻകം സപ്പോർട്ട് സ്കീം) സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. അവയുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

(ഇ) ബാധകമല്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.